# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1135 06/06/2018-ൽ മറുപടിയ്ക്ക്

**നവജീവൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായ പരിധിയിൽ ഉള്ള എത്ര പേരുണ്ട്; വിശദാംശം വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിൽ ഉള്ള 114537 പേർ ഉണ്ട്. ഇതിൽ 41549 പുരുഷന്മാരും, 72988 സ്ത്രീകളും ഉണ്ട്. |
| (ബി) ഇവർക്കായി തയ്യാറാക്കിയിട്ടുള്ള നവജീവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;<br><br>(സി) നവജീവൻ പദ്ധതി സംബന്ധിച്ച മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ :എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) യും (സി) യും കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത സാമ്പത്തിക സ്വാശ്രയത്വം ഉറപ്പ വരുത്തുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ.<br>സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. മുതിർന്ന പൗരന്മാർ, അവരുടെ കുടുംബത്തിനും, സമൂഹത്തിനും ഒരു ബാധ്യത എന്ന നിലയിൽ കണക്കാക്കപ്പെടാതിരിക്കുവാനും ജീവിതത്തിൽ |

ഒറ്റപ്പെടൽ നേരിടാതിരിക്കുകയും ചെയ്യുക എന്ന വിശാല ലക്ഷ്യവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനകരമായ രീതിയിലേക്ക് വഴി തിരിച്ചു വിടുക എന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 56 വയസ്സിനു മുകളിലുള്ളവർ) ഒരു 'ഡാറ്റാ ബാങ്ക്' തയ്യാറാക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇവരുടെ വൈദഗ്ധ്യവും പരിചയസമ്പത്തും വിനിയോഗിക്കുക എന്നത് ഇതിലൂടെ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഇവരുടെ സേവനം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ വിവക്ഷിക്കുന്നത്.

നവജീവൻ പദ്ധതി സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള കരട് മാർഗ്ഗരേഖയും ചട്ടങ്ങളും അംഗീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ